മൂന്ന് വർഷത്തിൽ കുറയാതെയുള്ള ജയിൽ ശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുന്നതിന് ഇലക്ട്രിസിറ്റി ആക്ട് 2003-ൽ കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റം രണ്ടാമതും ആവർത്തിക്കുകയാണെങ്കിൽ പത്തു കിലോ വാട്ടിൽ കവിഞ്ഞ കേസുകളിൽ ആറുമാസത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ നീളുന്നതുമായ ജയിൽ ശിക്ഷയും പിഴയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ജി) ചട്ടപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

വൈദ്യുതി മോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

28 [3168] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം നടത്തിയത് സംബന്ധിച്ചുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ ഏതൊക്കെ എന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) വൻകിട കമ്പനികൾ വൈദ്യുതി മോഷണം നടത്തുന്നത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ വൈദ്യുതി മോഷണം നടത്തിയ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്വീകരിക്കുന്നുണ്ട്.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ നിലവിലുള്ള സ്ഥലവും ഫലവൃക്ഷങ്ങളും

29 [3169] ശ്രീ. ബി. സുഗതൻ:
,, കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഈ ഭൂമിയിൽ ഫലവൃക്ഷങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly